പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 1081.

12.6..2014 ൽ

മറുപടിക്ക്.

## യു.ജി.സി.റഗുലേഷൻ - 2010.

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.എസ്.സുനിൽകുമാർ. | | ശ്രീ. പി. കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) യു.ഡി.സി.യുടെ 2010-ലെ റഗുലേഷൻ 13(1) പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് സ്ഥിരം അദ്ധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾ ബാധകമാക്കിയിട്ടുണ്ടോ ; ഈ റഗുലേശൻ കേരള സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നുമുതലാണ് അംഗീകരിച്ചതെന്നു വ്യക്തമാക്കുമോ ; | (എ) | 2010 ലെ യു.ജി.സി റെഗുലേഷൻസ് കേരള സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. പ്രസ്തുത റെഗുലേഷൻസിലെ ക്ലോസ് 13(1) പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് സ്ഥിരം അദ്ധ്യാപകരുടെ വേതനം നൽകുന്നില്ല. |
| (ബി) പ്രസ്തുത റഗുലേഷൻ പ്രകാരമുള്ള ആനുകൂല്യങ്ങൾ അദ്ധ്യാപകർക്ക ലഭിക്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനങ്ങൾ വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ; | (ബി) & (സി) യും | കേരള സർവ്വകലാശാലയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ലഭിക്കുന്ന ശമ്പളത്തിലെ അപാകത പരിഹരിക്കണമെന്ന് കാണിച്ച് ശ്രീ.പ്രശാന്ത് സി.എം. സുതാര്യകേരളം മുമ്പാകെ സമർപ്പിച്ച പരാതിയിന്മേൽ കേരള സർവ്വകലാശാല രജിസ്ട്രാറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയൂ. |
| (സി) 2010 ലെ റഗുലേഷൻ പ്രകാരം മുൻകാല പ്രാബല്യത്തോടെ പ്രസ്തുത വേതനം നൽകുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നു വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ